പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

## കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർ ടെസ്റ്റ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2702 17/10/2016-ൽ മറുപടിക്ക്

ചോദ്യം
ശ്രീ.എ. പ്രദീപ് കുമാർ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2003-ന് ശേഷം കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഫിസിക്കൽ ടെസ്റ്റ് ജയിക്കാത്ത എത്ര പോലീസുകാരെ KSSR.39 ഇൻവോക്ക് ചെയ്ത് നേരിട്ട് സബ് ഇൻസ്പെക്ടർ (GE) ബ്രാഞ്ചിൽ നിയമനം നൽകി ഉത്തരവായിട്ടുണ്ടെന്ന് ഉത്തരവിന്റെ നമ്പർ സഹിതം വിശദമാക്കാമോ ; | (എ) | ഇപ്രകാരം ഒരാളെ 25.02.2005-ലെ സർക്കാർ ഉത്തരവ് നമ്പർ 458/05/ആഭ്യന്തരം പ്രകാരം നിയമിച്ചിട്ടുണ്ട് |
| (ബി) | KSSR.39 ഇൻവോക്ക് ചെയ്ത് നിയമനം നടത്തുന്ന രീതിയിൽ അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) | ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ സേവനവേതന കാര്യങ്ങളിൽ സർക്കാരിന് വിവേചന അധികാരം നൽകി തീരുമാനം എടുക്കാൻ KS&SSR 39 അധികാരം നൽകുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഉചിതവും നീതിപൂർവ്വവുമാണെന്ന് സർക്കാരിന് ബോദ്ധ്യമായാൽ അങ്ങനെയുള്ള രീതിയിൽ നിയമനം നടത്തുന്നതിന് ചട്ടം 39 പ്രകാരം സർക്കാരിന് അധികാരമുണ്ട്. 131867/റൂൾസ്/72/ പി,ഡി. തീയതി 14/9/1973 പ്രകാരം ഇതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥി പ്രസ്തുത വിഭാഗത്തിൽ തന്നെ പി.എസ്.സി നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിക്കണമെന്ന നിയമം എന്നു മുതലാണ് മാറ്റിയതെന്ന് വിശദമാക്കാമോ ? | (സി) | നിയമം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ